കണ്ടക്ടർമാർ

*൪൨൯. (൧൯) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) സ്റ്റോറ് ടാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടിൽ സർവ്വീസുള്ള പുലയ കണ്ടക്ടർമാരുടെ ആകെ എണ്ണം എത്ര;

(ബി) ഇവരിൽ ആരെയെങ്കിലും ചെക്കിംഗ് ഇൻസ്പെക്ടറന്മാരായി പ്രമോട്ട ചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):(എ) ഉ ഉ.

(ബി) ഇല്ല.

പുതിയ റോഡുകൾ

*൪൩൦. (൨൩) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ കഴിഞ്ഞ വർഷത്തിലെ പുതിയ റോഡുകൾക്കു എത്ര സംഖ്യ അനുവദിച്ചിരുന്നു;

(ബി) ആയതു മുഴുവൻ ചിലവു് ചെയ്തോ;

(സി) സംഖ്യ പോരാതെ പൂർത്തീകരിക്കാത്ത റോഡുകൾക്കു വരുന്ന കൊല്ലത്തെ ബഡ്ജറ്റിൽ വക കൊള്ളിക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൧൯൫൦—൫൧-ലെ ബഡ്ജറ്റിൽ ഗതാഗതങ്ങൾ എന്ന ഇനത്തിൽ രണ്ടാം ഭാഗം പുതിയ ജോലികൾക്കായി നീക്കിവച്ചിരുന്ന തുക ഉ ഉ, ഉ വു, ൯ ൦ ശ്രുപയാകുന്നു.

(ബി) ഈ തുക ഇനിയും മുഴുവൻ ചിലവായിട്ടില്ല. ബഡ്ജറ് വർഷാവസാനത്തോടുകൂടി മുഴുവൻ ചിലവാകുമെന്നു പ്രതീക്ഷിക്കുന്നു.

(സി) ഈ വർഷം പൂർത്തിയാക്കാൻ സാധിക്കില്ലെന്നു പ്രതീക്ഷിക്കുന്ന ജോലികൾക്കെല്ലാമായി ൫൧—൫൨-ലെ ബഡ്ജറ്റിൽ കഴിയുന്നത്ര തുക അതിലേക്കു നീക്കിവെച്ചിട്ടുള്ള ഗ്രാൻറിൽ ഉൾപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഭ്രൂത്താൻകെട്ടണ

*൪൩൧. (൩൫) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

പെരിയാറിൽ കെട്ടുവാനുദ്ദേശിക്കുന്ന ഭ്രൂത്താൻ കെട്ടണയുടെ പണി എന്നാരംഭിക്കും; ആ അണയുടെ പണിക്കു് ഉദ്ദേശം എത്ര ചിലവുവരും?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

ഈ പദ്ധതി ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണു്. പണി എന്നാരംഭിക്കുമെന്നു ഇപ്പോൾ പറവാൻ നിവൃത്തിയില്ല. പദ്ധതിക്കു ഉദ്ദേശം ൩൫ലക്ഷം ഉറുപ്പിക ചിലവുവരും.

LIBRARY ARCHIVES Kerala Legislative Assembly